## ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്

## <u>പരിപത്രം</u>

നമ്പർ 17/2019/ധന

*തിരുവനന്തപുരം, 2019 ഫെബ്രുവരി 26*

വിഷയം :- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) – ഗുണഭോക്താക്കളുടെ വിവരശേഖരണവുമായി ബന്ധപ്പെട്ട് തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി)നം. 54/17/ധന തീയതി 24/04/2017.
2) സർക്കുലർ നം. 28/18/ധന തീയതി 04/04/2018.
3) സർക്കുലർ നം. 54/18/ധന തീയതി 18/06/2018.
4) സർക്കുലർ നം. 73/18/ധന തീയതി 07/08/2018.
5) സർക്കുലർ നം. 84/18/ധന തീയതി 15/09/2018.
6) സർക്കുലർ നം. 97/18/ധന തീയതി 23/10/2018.
7) സർക്കുലർ നം. 117/18/ധന തീയതി 12/12/2018.

സൂചനയിലെ സർക്കാർ ഉത്തരവു പ്രകാരം നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട്, സംസ്ഥാന സർക്കാർ ജീവനക്കാരുടേയും സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാൻഡ്-ഇൻ-എയിഡ് സ്വീകരിച്ചുവരുന്ന സർവകലാശാലകളിലേയും തനതു ഫണ്ടിൽ നിന്നും ശമ്പളവും പെൻഷനും കൈപ്പറ്റുന്ന സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാരുടേയും പെൻഷൻകാരുടേയും വിവരശേഖരണം അവസാനഘട്ടത്തിലാണ്. ആവശ്യപ്പെട്ട വിവരങ്ങൾ 30/11/2018 തീയതിക്കകം ബന്ധപ്പെട്ട നോഡൽ ഓഫീസർ മുഖേന ധനകാര്യ വകുപ്പിനു കൈമാറണമെന്ന് സൂചന 5 ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത സമയ പരിധിക്കുള്ളിൽ എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും ജീവനക്കാരുടേയും പെൻഷൻകാരുടേയും അവരുടെ ആശ്രിതരുടേയും പൂർണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ടെൻഡർ നടപടികൾ പൂർത്തിയാകാറായ സാഹചര്യത്തിൽ നിർദ്ദിഷ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് ചുവടെ ചേർക്കുന്ന തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. നിർദ്ദിഷ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന്, തിരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയ്ക്ക് ഗുണഭോക്താക്കളെ സംബന്ധിച്ച പൂർണമായ വിവരങ്ങൾ കൈമാറേണ്ടത് അനിവാര്യമാണ്. ആയതിനാൽ സൂചന 2 പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും നാളിതു വരെ ലഭ്യമാക്കാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ നിർബന്ധമായും 08/03/2019 നുള്ളിൽ വിവരങ്ങൾ സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്. ഇതിൽ പിഴവ് വരുത്തുന്നത് ബന്ധപ്പെട്ട നോഡൽ ഓഫീസർമാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കണ്ട് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ii. നാളിതുവരെയും വിവരങ്ങൾ ട്രഷറിയിൽ നൽകാത്ത പെൻഷൻകാർ സൂചന 6 ലെ നിർദ്ദേശ പ്രകാരമുള്ള അംഗത്വ അപേക്ഷ 08/03/2019 ന് മുൻപ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

iii. എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാൻഡ്-ഇൻ-എയിഡ് സ്വീകരിച്ചുവരുന്ന സർവകലാശാലകളിലേയും തനതു ഫണ്ടിൽ നിന്നും ശമ്പളവും പെൻഷനും കൈപ്പറ്റുന്ന സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പെൻഷൻകാർക്കും നിർദ്ദിഷ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ അംഗത്വം നിർബന്ധിതമാണ്. **ആയതിനാൽ വിശദാംശങ്ങൾ ലഭ്യമാക്കാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷകാരുടെ ചികിത്സാ അലവൻസിൽ നിന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചയിക്കപ്പെടുന്ന പ്രീമിയം തുക, പദ്ധതി ആരംഭിക്കുന്ന മാസം മുതൽ കുറവു വരുത്തുന്നതായിരിക്കും. എന്നാൽ അംഗത്വ അപേക്ഷകൾ സർക്കാരിലേക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമെ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ഇവർക്ക് ലഭ്യമാകുകയുള്ളൂ.**

iv. നിർദ്ദിഷ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതിന് ECHS ഉൾപ്പെടെയുള്ള മറ്റേതെങ്കിലും ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷയുള്ള എല്ലാ ജീവനക്കാരും പെൻഷൻകാരും പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

v. സർക്കാർ ജീവനക്കാരും പെൻഷൻകാരും അവരുടെ ആശ്രിതരുടെ ആധാർ നമ്പർ ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

vi. 30.11.2018 ന് ശേഷം വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ലഭിച്ച വിവരങ്ങൾ/അപേക്ഷകൾ ക്രോഡീകരിച്ച് മുൻ നിർദ്ദേശ പ്രകാരം **info.fin@kerala.gov.in** എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ട്രഷറികളിൽ ലഭ്യമാകുന്ന പെൻഷൻകാരുടെ അപേക്ഷകൾ സമയബന്ധിതമായി മെഡിസെപ് വെബ് സൈറ്റിൽ രേഖപ്പെടുത്തുവാൻ ട്രഷറി ഓഫീസർമാർ നടപടിയെടുക്കേണ്ടതാണ്.

vii. മേൽപ്പറഞ്ഞ നടപടികളിൽ ഉണ്ടാകാവുന്ന സംശയങ്ങൾ സഹായക കേന്ദ്രത്തിലെ **18004251857** എന്ന ടോൾ ഫ്രീ നമ്പറിലോ 0471-2305651 എന്ന ടെലിഫോൺ നമ്പറിലോ ബന്ധപ്പെട്ട് നിവാരണം ചെയ്യാവുന്നതാണ്.

**കെ. രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
ബഹു. ഗവർണറുടെ സെക്രട്ടറി.
ബഹു. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.
എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡിഷണൽ സെക്രട്ടറി / ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറിമാർ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

അക്കൗണ്ട്സ് ഓഫീസർ